(എഫ്)ആവശ്യമായ പദ്ധതികൾ തയ്യാറാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ജി) രണ്ടായിരം മാർച്ചിൽ പൂർത്തിയാക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(എച്ച്) നടപടി സ്വീകരിച്ചുവരുന്നു.

(ഐ) പൈപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

(3516) കരാറുകാരുടെ പണം തടഞ്ഞുവച്ച നടപടി

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.ഐ.പി. യിൽ പ്രവൃത്തി ചെയ്ത ഏതെങ്കിലും കരാറുകാരുടെ പണം തടഞ്ഞുവച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ജോലി ചെയ്തതിന്റെ പേയ്മെന്റ് ആണ് തടഞ്ഞുവച്ചിട്ടുള്ളത്;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ;

(ഇ) ഈ അന്വേഷണം എന്ന് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15.06.1996-ലെ ജി.ഒ. (ആർ.ടി) നം. 747/96/ഐ.ആർ.ഡി. ഉത്തരവിൽ കെ.ഐ.പി. യിലെ അഡീഷണൽ വർക്കുകൾ നിർത്തിവയ്ക്കാൻ ഉത്തരവായി. അതനുസരിച്ച് സർക്കാരിൽനിന്നും റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അനുവാദം വാങ്ങാത്ത ജോലികളുടെ പണം കൊടുത്തിട്ടില്ല.

(സി) വിശദാംശങ്ങൾ അനുബന്ധമായി വയ്ക്കുന്നു.†

(ഡി) ഇതുസംബന്ധിച്ച് 15.03.97-ലെ ജി.ഒ. (ആർ.ടി) നം. 333/97/ഐ.ആർ.ഡി. ഉത്തരവനുസരിച്ച് രൂപം കൊടുത്ത അഡീഷണൽ സെക്രട്ടറിയുടെ കമ്മിറ്റി ഈ ജോലികൾ പരിശോധിക്കുന്നുണ്ട്. ചില കേസുകളിൽ വിജിലൻസ് അന്വേഷണവും നിലവിലുണ്ട്.

(ഇ) അന്വേഷണം എപ്പോൾ പൂർത്തിയാകുമെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. അന്വേഷണനടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(3517) വണ്ടൂർ നിയോജകമണ്ഡലത്തിൽ നെതർലാന്റ് സഹായത്തോടെ കുടിവെള്ളം നൽകാൻ പദ്ധതി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) വണ്ടൂർ നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിൽ നെതർലാന്റ് ഗവണ്മെന്റിന്റെ സഹായത്തോടെ കുടിവെള്ളം നൽകാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സന്നദ്ധ സംഘടനകളുടെയും പഞ്ചായത്തിന്റെയും സഹായത്തോടെ സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയുടെ പരിശോധനയിലാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പദ്ധതിയ്ക്കായി ധനസഹായം ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

(3520) സംസ്ഥാന ബഡ്ജറ്റിൽ മൂലത്തറ ആർ.ബി. കനാൽ ഫെഡ്ഡ് ഓഫ് അക്കൗണ്ടിൽ നീക്കിവച്ച തുക

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ മൂലത്തറ ആർ.ബി. കനാൽ എന്ന ഫെഡ്ഡ് ഓഫ് അക്കൗണ്ടിൽ തുക നീക്കിവയ്ക്കാറുണ്ടോ;

(ബി) എങ്കിൽ ഏത് വർഷം മുതലാണ് ഇങ്ങനെ നീക്കിയിരിപ്പ് വരുത്തിത്തുടങ്ങിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെ പ്രതിവർഷം എത്ര രൂപ നീക്കിയിരിപ്പ് നടത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവായി എന്നും വ്യക്തമാക്കുമോ;

(ഡി) ഇത് ഏത് പദ്ധതിയിൽപ്പെട്ടതാണെന്ന് വ്യക്തമാക്കുമോ; ഈ കനാലിനുകീഴിൽ എത്ര അണക്കെട്ടുണ്ടെന്നും കനാലിനെക്കുറിച്ചുള്ള വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ഇ) ഈ പണിക്ക് ഭരണാനുമതി എന്ന് നൽകിയെന്ന് വ്യക്തമാക്കുമോ; അതിന്റെ ഉത്തരവ് ലഭ്യമാക്കുമോ;

(എഫ്) ഈ പണി നടത്തുവാനായി ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗർ മില്ലിൽനിന്നും സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ എന്തിനാണ് സാമ്പത്തികസഹായം നൽകിയത്; അത് പ്രകാരമുള്ള പണികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും അത് നടപ്പിലാക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly